പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് സ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനായി അധികമുള്ള ജീവനക്കാരെ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം പിരിഞ്ഞു പോകുന്നതിനായുള്ള ഒരു പദ്ധതി (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം — എസ്. എസ്. എൻ. പി.) സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

സബ് കരാർ അടിസ്ഥാനത്തിൽ കെൽട്രോൺ നൽകിയിട്ടുള്ള ജോലികൾ

123 [1299] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിനുവേണ്ടി തെരഞ്ഞെടുപ്പ് ഐഡന്റിറ്റി കാർഡ്, അച്ചടി ഉൾപ്പെടെ ഏതൊക്കെ ജോലികളാണ് പൊതുമേഖലാ വ്യവസായ സ്ഥാപനമായ കെൽട്രോൺ ഏറ്റെടുത്തു ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെൽട്രോൺ ഏറ്റെടുക്കുന്ന അച്ചടി ജോലികൾ മറ്റ് ഏതെങ്കിലും ഏജൻസികളെക്കൊണ്ട് ചെയ്യിക്കാറുണ്ടോ; എങ്കിൽ ഈ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ബാംഗ്ലൂരിലെ എക്സ്-പ്രിന്റ് കമ്പനിയുമായി കെൽട്രോൺ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ അച്ചടി ജോലികളാണ് ഇവരെ ഏൽപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ കമ്പനിക്ക് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര രൂപയ്ക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്; ഈ പ്രവൃർത്തികൾക്കായി ഇവർക്ക് ഇതുവരെ എന്തു തുക നൽകി എന്ന് വെളിപ്പെടുത്താമോ;

(ഇ) കെൽട്രോൺ എന്തെല്ലാം ജോലികളാണ് മറ്റു സഹകാരി സ്ഥാപനങ്ങൾക്ക് സബ് കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ, കേരളാ സംസ്ഥാന ഇലക്ഷൻ വകുപ്പിനുവേണ്ടി സംസ്ഥാനതലത്തിൽ വോട്ടർമാർക്കുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഉൽപ്പാദനവും, വിതരണവും, ഫോട്ടോ പതിച്ച

LIBRARY ARCHIVES Kerala Legislative Assembly

സമ്മതിദായക പട്ടികയുടെ അച്ചടിയും, അതിലേക്കുള്ള വിവരസാങ്കേതിക സൂക്ഷിപ്പും, സമ്മതിദായക പട്ടികയുടെ കരട് അച്ചടിയും തുടർന്ന് തിരുത്തലുകൾക്കുശേഷമുള്ള അധിക പകർപ്പ് അച്ചടിയും അനുബന്ധ ജോലികളും ഏറ്റെടുത്തു ചെയ്തുവരുന്നു.

(ബി) ഉണ്ട്. ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ഡി) (സി) പിരിവിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) തിരിച്ചറിയൽ കാർഡുമായി ബന്ധപ്പെട്ട് അച്ചടി ജോലി മാത്രമേ സബ് കരാർ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ളൂ.

സിഡ്കോയുടെ കൈവശമുള്ള സ്ഥലവും കെട്ടിടവും വിൽക്കുന്നതിനെതിരെ നടപടി

124 [1300] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
,, *രാജു എബ്രഹാം:*
,, *ടി. പി. രാമകൃഷ്ണൻ:*

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ (സിഡ്കോ) 17 വ്യവസായ എസ്റ്റേറ്റുകളിലെ സ്ഥലവും കെട്ടിടവും വിൽക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യവസായ എസ്റ്റേറ്റുകളിലായി മൊത്തം എത്ര ഏക്കർ സ്ഥലമാണ് സിഡ്കോയുടെ കൈവശമുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥലം സെന്റിന് എന്തു തുകയ്ക്കാണ് വിൽപ്പന നടത്തിയത്; ഇതിനകം വിൽപ്പന നടത്തിയ സ്ഥലവും കെട്ടിടങ്ങളും വാങ്ങിയവരുടെ പേരും വിലാസവും എന്ത് വിലയ്ക്കാണ് കെട്ടിടങ്ങളും സ്ഥലവും നൽകിയതെന്നും വെളിപ്പെടുത്താമോ;

(ഡി) കോടിക്കണക്കിന് രൂപയുടെ വില വരുന്ന കെട്ടിടങ്ങളും സ്ഥലവും വിറ്റഴിക്കാൻ തീരുമാനിച്ചതിൽ ക്രമക്കേടുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വ്യവസായാവശ്യത്തിനായി ഭൂമിയും കെട്ടിടങ്ങളും സിഡ്കോയിൽ നിന്നും വാടകയ്ക്കെടുക്കുന്നതും എന്നാൽ അവ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയോ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നവരെ ഒഴിവാക്കി അവ വീണ്ടെടുക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly